# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാജാക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-21/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-21/2023 തീയ്യതി: 28/03/2023

## ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 24-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 26-12-2022 | 31-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-12-2022 | 31-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജീവ് എം. എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽരാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. എസ്. സതി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. സുജിത്കുമാർ ആർ. സി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കാഞ്ചന ടി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 03-01-2022 |
| ശ്രീമതി ജ്യോതിലക്ഷ്മി കുട്ടപ്പൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-01-2022 | 31-03-2022 |
| ശ്രീ. മഹേഷ് കെ. പി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 17-07-2021 |
| ശ്രീ. ബിനു കെ. വി. | അസിസ്റ്റന്റ് എൻജിനീയർ | 18-07-2021 | 31-03-2022 |
| ശ്രീ. റെജബ് ജെ. കലാം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേഴ്സി എം. എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിൻസി തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നീന വി. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. ബിജിമോൾ കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 05-09-2021 |
| ഡോ. അജിത്കുമാർ എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-09-2021 | 31-03-2022 |
| ഡോ. ജോബിൻ | മെഡിക്കൽ ഓഫീസർ (സി.എച്ച് സി) | 01-04-2021 | 31-03-2023 |
| ശ്രീ. ബിനാഷ് തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. പാർവ്വതി | വെറ്ററിനറി സർജൻ | 01-04-2021 | 10-02-2022 |
| ഡോ. അജയ് | വെറ്ററിനറി സർജൻ | 11-02-2022 | 31-03-2022 |
| ശ്രീ. സനിത് കുമാർ എൻ. റ്റി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | മെയിന്റനൻസ് ഫണ്ട് (റോഡ്) ചെലവ് 54.70 ശതമാനം മാത്രം - 46.55 ലക്ഷം ലാപ്സായി | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച അപാകതകൾ | 1-9 |
| 11 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല | 1-10 |
| 12 | ഇ-പേയ്മെന്റ് മുഖേന ഒടുക്കിയ തുക അക്കൗണ്ടിൽ ലഭ്യമായില്ല | 1-11 |
| 13 | ലൈസൻസ് ഉപയോഗക്രമത്തിലെ അപാകത | 1-12 |
| 14 | വാടക പൂർണ്ണമായി ഈടാക്കിയില്ല | 1-13 |
| 15 | രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല | 1-14 |
| 16 | വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയില്ല | 1-15 |
| 17 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-16 |
| 18 | കവറേജ് ലംഘനവുമായി ബന്ധപ്പെട്ട അപാകത | 1-17 |
| 19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ | 1-18 |
| 20 | ബാലസഭ - പദ്ധതി പൂർത്തിയാക്കിയതിന്റെ രേഖയില്ല - തുക പാഴായിരിക്കുന്നു - | 1-19 |
| 21 | ഗ്രാമസഭ തിരഞ്ഞെടുത്തിട്ടില്ലാത്ത സംഘങ്ങൾക്ക് ധനസഹായം നൽകി - ചെലവ് തടസ്സം | 1-20 |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല | 1-21 |
| 23 | കോൺക്രീറ്റ്/ഐറിഷ് ഓട പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - നഷ്ടം - ₹1,07,275/- | 1-22 |
| 24 | സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നില്ല - നഷ്ടം - ₹37,831/- | 1-23 |
| 25 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി അനുവദിച്ചത് | 1-24 |

| | | |
|---|---|---|
| | സംബന്ധിച്ച് - നഷ്ടം ₹2,66,234/- | |
| 26 | സാന്ത്വന പരിചരണം - അടച്ച തുകയ്ക്ക് മരുന്ന് ലഭ്യമായില്ല - ചെലവ് തടസ്സം | 1-25 |
| 27 | വിവരാവകാശ നിയമം അപേക്ഷകൾ/രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത | 1-26 |
| 28 | ഐ.എൽ.ജി.എം.എസ്.-ന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ നടപടിയിലെ അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോൺക്രീറ്റ്/ഐറിഷ് ഓട പ്രവൃത്തികൾക്ക് അധികനിരക്ക് നൽകി - നഷ്ടം - ₹1,07,275/- | 3-1 |
| 2 | സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നില്ല - നഷ്ടം ₹37,831/- | 3-2 |
| 3 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് - നഷ്ടം 2,66,234/- | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 22.02.2021ലെ 3(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 19-02-2021 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 22-02-2021 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 3(I)/22.02.2021 |
| വരവ് | ₹183394795 |
| ചെലവ് | ₹181718160 |
| നീക്കിയിരിപ്പ് | ₹1676635 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 08-07-2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 10771000 | 10771000 | 10771000 | 0 |
| വികസനഫണ്ട് – എസ്.സി.പി. | | 801000 | 801000 | 801000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 5746425 | 5746425 | 2822807 | 2923618 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | 4546529 | 4546529 | 4179048 | 367481 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | 18406000 | 18406000 | 10069573 | 8336427 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | 4853319 | 4853319 | 4776628 | 76691 |
| ടോട്ടൽ സാനിട്ടേഷൻ | 598339 | 0 | 598339 | 0 | 598339 |
| ഐ.സി.ഡി.എസ്. | 43380 | 651080 | 694460 | 487756 | 206704 |
| കുടിവെള്ളം | 23732 | 34286 | 58018 | 34286 | 23732 |
| നിർമ്മൽ പുരസ്കാരം | 31264 | 1065 | 32329 | 32329 | 0 |
| സാക്ഷരത | 4434 | 0 | 4434 | 0 | 4434 |
| പകർച്ചവ്യാധി | 174274 | 0 | 174274 | 174274 | 0 |
| ജലനിധി | 2263333 | 2994898 | 5258231 | 3755702 | 1502529 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി | 0 | 536375 | 536375 | 530845 | 5530 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി | 0 | 598339 | 598339 | 0 | 598339 |
| സുചിത്വ മിഷൻ | 0 | 200000 | 200000 | 0 | 200000 |

1) വാർഷിക കണക്കുകൾ പ്രകാരമുള്ള ഡെവലപ്പ്മെന്റ് ഫണ്ട് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) വികസന ഫണ്ട് ജനറലിൽ സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്.

3) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി) എന്നിവയുടെ രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1597667 | 963600 |
| വികസനഫണ്ട് (SCP) | 103667 | - |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

4) ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസനിധി ബാലൻസ് ₹15,134/- യാണ്. എന്നാൽ RP 40(b) പ്രകാരം ദുരിതാശ്വാസ നിധി ബാലൻസ് ₹2,840/-യാണ്. പാസ്ബുക്കിലെ തുക ₹2,840/- ആണ്.

5) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-3-1 മെയിന്റനൻസ് ഫണ്ട് (റോഡ്) ചെലവ് 54.70 ശതമാനം മാത്രം - 46.55 ലക്ഷം ലാപ്സായി

മെയിന്റനൻസ് ഫണ്ട് (റോഡ്) വിഹിതമായ ₹1,84,06,000/-ൽ 2021-22 സാമ്പത്തിക വർഷം ₹1,00,69,573/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 54.70 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് 80%ൽ കുറയാതെ ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹46,55,227/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | 2022-23ൽ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 18406000 | 10069573 | 8336427 | 54.70 | 3681200 | 4655227 |

1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 136 | 93402707 | 114 | 42550585 | 22 | 82.60 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2021 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 9.34 കോടി രൂപ അടങ്കലിൽ 138 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 01.02.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 05.02.2021-15.02.2021 |
| വികസന സെമിനാർ | 20.02.2021 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 15.02.2021 |
| ഭരണ സമിതിയുടെ അംഗീകാരം | 10.02.2021 (1-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിന് പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ്

പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണയ്ക്ക് വരാതെയാണ്.

9.34 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 4.24 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 138 പ്രോജക്ടുകളിൽ 82.60 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 100 | 1786000 | 1786000 | 100 |
| വെറ്ററിനറി സർജൻ | 4 | 2 | 50 | 1498000 | 600000 | 40 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി | 2 | 2 | 100 | 868070 | 693910 | 80 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 100 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 7 | 6 | 86 | 1013000 | 959450 | 94 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 15 | 83 | 45893998 | 9577432 | 20 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 2 | 2 | 100 | 3600000 | 3037756 | 84 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 2200000 | 952975 | 43 |
| സെക്രട്ടറി | 40 | 25 | 62.5 | 12811761 | 8653991 | 66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 39 | 75 | 20785878 | 15142895 | 73 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 83 | 1616000 | 815750 | 50 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 100 | 1230000 | 230426 | 18 |

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 13 | 10 | 76.92 | 7494000 | 3749401 | 50.03 |
| സേവനം | 77 | 67 | 87.01 | 61006003 | 22282206 | 36.52 |
| പശ്ചാത്തലം | 46 | 37 | 80.43 | 17298114 | 14764684 | 85.35 |
| ആകെ | 136 | 114 | 79.24 | 85798117 | 40796291 | 57.39 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഭേദഗതി വരുത്തിയിട്ടുള്ളതും. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. കാർഷിക മേഖലയിലെയും മൃഗസംരക്ഷണ മേഖലയിലെയും പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18.09.2021, 12.10.2021, 18.11.2021, 23.11.2021, 10.12.2021, 18.01.2022 തീയതികളിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്തെങ്കിലും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാധിച്ചില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പും അംഗൻവാടികളിൽ നടത്തേണ്ട അറ്റകുറ്റപ്പണികളും അനുബന്ധ പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമായ ശുപാർശ നൽകിയിരുന്നെങ്കിലും ഭൂരിഭാഗം ശുപാർശകളും അന്തിമ പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6482 | 1787541 | 1794023 | 1794023 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 70244482 | 70244482 | 70244482 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

2021-22 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3918800 | 248 |
| വിധവാ പെൻഷൻ | 8590200 | 566 |
| വാർദ്ധക്യകാല പെൻഷൻ | 21202800 | 1441 |
| വികലാംഗ പെൻഷൻ | 2338400 | 164 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 360000 | 23 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4,550/- (നാലായിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം- 4 ക്ലാർക്കുമാരും 3 സീനിയർ ക്ലാർക്കുമാരും ഒരു ഓഫീസ് അറ്റന്റന്റും പാർട്ട് ടൈം ലൈബ്രേറിയനും പാർട്ട് ടൈം സ്വീപ്പറും ഒരു ഡ്രൈവറും അക്കൗണ്ടന്റും ഹെഡ് ക്ലാർക്കും അസിസ്റ്റന്റ് സെക്രട്ടറിയും സെക്രട്ടറിയും ഉൾപ്പെടുന്നു. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നുണ്ട്. നികുതി നിർണ്ണയത്തിൽ അപാകതകൾ കാണുന്നു. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ നിശ്ചയിച്ച് ഈടാക്കുന്നതിൽ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണവും ഫയലിംഗ് സംവിധാനവും തൃപ്തികരമാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകതകൾ കാണുന്നു. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം

നടപ്പിലാക്കുന്നില്ല. ശേഖരിച്ച മാലിന്യങ്ങൾ ഫലപ്രദമായി നീക്കം ചെയ്യുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

6. ഫ്രണ്ട് ഓഫീസ് പ്രവർത്തനം

വരുന്ന തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയർ വഴിയും ഐ.എൽ.ജി.എം.എസ്. വഴിയും ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധന നടക്കുന്നില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ - സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ – ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

7. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിൽ അനുബന്ധ രേഖകൾ ഉൾപ്പെടുത്തുന്നില്ലാത്തതിനാൽ ഹാർഡ്കോപ്പിയായി ഫയലുകൾ സൂക്ഷിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

8. ജനകീയ ഹോട്ടലിന്റെ വാടക നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് നിരക്കിലല്ല. മാത്രമല്ല പ്രസ്തുത കെട്ടിടത്തിന് കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്.

9. ഓഫീസിന്റെ പൊതു പ്രവർത്തനങ്ങളിൽ സൂപ്പർവൈസറി തലത്തിലുള്ളവർ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ല.

1-9 വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച അപാകതകൾ

1) ബാലൻസ് ഷീറ്റ് ബി-2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്ത് ദുരിതാശ്വാസ നിധി ബാലൻസ് ₹15,134/- യാണ്. എന്നാൽ RP 40(b) പ്രകാരം ദുരിതാശ്വാസ നിധി ബാലൻസ് ₹2,840/-യാണ്. ഈ അക്കൗണ്ടിന് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ബി-17 ഷെഡ്യൂളിൽ യു.ബി.ഐ. തനത് ഫണ്ട് അക്കൗണ്ടിലെ (372302010023405) ബാലൻസ് (-) ₹80,126/- ആണ്.

3) 2020-21 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് ഡിപ്രിസിയേഷൻ ഇനത്തിൽ ₹1,04,38,326/- ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ [ഐ-17(എ)] ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ജി.ഒ (എം.എസ്.)82/2011 /ത.സ്വ.ഭ.വ./തീ. 28.3.2011, ജി. ഒ.(എം.എസ്.)നം.152/2011/ത.സ്വ.ഭ.വ./തീ. 26.07.2011 എന്നിവയിൽ

അനുശാസിക്കും പ്രകാരം കണക്കാക്കിയിട്ടുള്ളതാണോയെന്ന് വ്യക്തമല്ല.

4) പ്രതിമാസ റിക്കൺസിലിയേഷൻ സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) വിവിധ വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6) 2022 മാർച്ച് 31-ന് ഇ-പേയ്മെന്റ് ആയി ₹2,387/- വരവുണ്ട്. എന്നാൽ ഈ തുക 2021-22 വർഷത്തെ വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

7) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ACR സൂക്ഷിക്കുന്നില്ല – ബി-4 ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല. കൂടാതെ ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ ജേണൽ വൗച്ചർ മുഖേന ഇൻകം ഹെഡിലേയ്ക്ക് ക്രമീകരണം നടത്തിയിരിക്കുന്നു. ആയതിനാൽ തുക എന്ത് ആവശ്യത്തിന് ചെലവഴിച്ചെന്നോ അനുവദിച്ചതിന്റെ ഉദ്ദേശം എന്തെന്നോ വ്യക്തമല്ല.

8) ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആസ്തി വിവരങ്ങളുടെ മൂല്യത്തിന്റെ അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

9) ജവഹർ ഭവന പദ്ധതിയുടെ ലോൺ ഇനത്തിൽ ₹25,26,000/- ഒടുക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ₹5,20,000/- ഒടുക്കിയതിന്റെ വിശദാംശങ്ങൾ മാത്രമാണുള്ളത്.

10) ലോൺ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നില്ല

വാർഷിക കണക്കുകളിലെ ബി-7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി ₹1,28,660/-യുടെ നീക്കിയിരിപ്പുണ്ട്. ഇതിൽ മൂന്ന് വർഷത്തിൽ അധികമായ തുകകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11 ഇ-പേയ്മെന്റ് മുഖേന ഒടുക്കിയ തുക അക്കൗണ്ടിൽ ലഭ്യമായില്ല

വസ്തു നികുതിയിനത്തിൽ ഇ-പേയ്മെന്റ് മുഖേന/ഒടുക്കിയ ചുവടെ ചേർത്തിട്ടുള്ള തുക പഞ്ചായത്തിന്റെ എസ്.ബി.ഐ. രാജകുമാരി ശാഖയിലെ അക്കൗണ്ടിൽ (നം. C/A 37287192940) ലഭ്യമായിട്ടില്ല.

| | |
|---|---|
| തുക ഒടുക്കിയ വ്യക്തിയുടെ പേര് | രാജീവ് റ്റി. ബി. |
| കെട്ടിട നമ്പർ | 10/25/സി. |
| തുക | 3982*2 |

| | |
|---|---|
| സഞ്ചയയിലെ ട്രാൻസാക്ഷൻ ഐ.ഡി. | 6058811000200/18.02.2022 |
| ഐ.കെ.എം, പേയ്മെന്റ് ഗേറ്റ്‌വേ ട്രാൻസാക്ഷൻ ഐ.ഡി. | 20220200116140 |

'IKMPG.KERALA.GOV.IN' വെബ്സൈറ്റ് സ്റ്റാറ്റസ് പ്രകാരം 19.03.2022ന് തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ എസ്.ബി.ഐ. രാജകുമാരി ശാഖയിലെ അക്കൗണ്ടിൽ (നം. C/A 37287192940) തുക ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.1/27.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-പേയ്മെന്റ് മുഖേന ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കാലതാമസമില്ലാതെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ വെബ്സൈറ്റുകൾ തമ്മിൽ സംയോജനമില്ലാത്തതാണ് പരിശോധന ദുഷ്കരമാക്കുന്നത് ആയതിന്റെ പരിഹാരത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് ഐ.കെ.എം.-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഉപയോഗക്രമത്തിലെ അപാകത

ഹോട്ടൽ എന്ന നിലക്ക് വെബ്സൈറ്റിൽ പരസ്യം നൽകി പ്രവർത്തിച്ചു വരുന്ന 'എലാ സീസൺസ് ' എന്ന സ്ഥാപനത്തിന് വ്യത്യസ്ത ഉപയോഗക്രമത്തിൽ ചുവടെ ചേർത്തിരിക്കും വിധം ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | ലൈസൻസിയുടെ പേര് | കെട്ടിട നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ലൈസൻസ് പ്രകാരമുള്ള വിനിയോഗക്രമം |
|---|---|---|---|---|
| 1 | ജോളി ബെന്നി | 10/30 സി.എച്ച്.ഐ.ജെ.കെ. | 81/2021-22 | ടൂറിസ്റ്റ് ഹോം (ലോഡ്ജ്) നടത്തുന്നതിന് |

ലൈസൻസിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപയോഗക്രമവും നിലവിലെ കെട്ടിടത്തിന്റെ ഉപയോഗവും വിലയിരുത്തി ലൈസൻസ് ഫീസ്, വസ്തു നികുതി എന്നിവ തദനുസൃതമായി നിർണ്ണയിച്ച് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/30.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 വാടക പൂർണ്ണമായി ഈടാക്കിയില്ല

എ) വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| ക്രമ നം. | കെട്ടിടം | വാടകക്കാരന്റെ പേര് | തുക ₹ | തുക ഈടാക്കേണ്ട കാലയളവ് | വാടക + ജി.എസ്.ടി. | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് -3 | ഉദയശ്രീ സ്വയം സഹായ സംഘം | 1794 + ജി.എസ്.റ്റി | 4/2021 മുതൽ 3/2022 വരെ | 21528+3875 | കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2 | ഷോപ്പിംഗ് കോപ്ലക്സ് -9 | കെ. പി സുധീഷ് | 811 + ജി.എസ്.റ്റി | 4/2021 മുതൽ 3/2022 വരെ | 9732+1752 |
| 3 | വനിതാ ബിൽഡിംഗ് -1 | അമ്പിളി ഉല്ലാസ് | 3016 + ജി.എസ്.റ്റി | 4/2021 മുതൽ 3/2022 വരെ | 36192+6515 |
| | | | | ആകെ | 67452+12142 |

ബി) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ മുറികളുടെ വാടക ഇനത്തിൽ മുൻ വർഷ കുടിശ്ശികയായി ₹25,187/- വാർഷിക ധനകാര്യ പത്രിക പ്രകാരം ഈടാക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8/30.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല

2021-22 വർഷത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റിൽ നിന്ന് അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണത്തിന് താഴെ കൊടുത്തിരിക്കും പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിനിയോഗ ക്രമം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണ്ണം | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണ്ണം | അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണം | ബാധകമായ രാജിയാക്കൽ ഫീസ് |
|---|---|---|---|---|---|---|---|
| | 5/ 207/എ | രാജി വി. ആർ. | റെസിഡൻഷ്യൽ | 113.45 | 120.78 | 7.33 | 103 (7.33*7*2) |
| 3 | 2/ 217/എ | സ്മിത പി. | റെസിഡൻഷ്യൽ | 70.21 | 150.16 | 79.95 | 1120 (79.95*7*2) |
| | | | | | | ആകെ | 1223 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രാജിയാക്കൽ ഫീസ് ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയില്ല

2020-21 മുതൽ ജനകീയ ഹോട്ടൽ പ്രവർത്തിപ്പിക്കുന്നതിനായി ശ്രീമതി. ഷാന്റി ജയിംസ് എന്ന വ്യക്തി 23.04.2020നും 01.09.2021നും കരാറിൽ ഏർപ്പെട്ട് വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ. സാബു ജനാർദ്ദനന്റെ ഉടമസ്ഥതയിലുള്ള 136 ച.മീ. വിസ്തീർണ്ണമുള്ള 10/39 നമ്പർ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി നിരക്ക് നിലവിൽ പാർപ്പിടാവശ്യത്തിന് ബാധകമായ ചതുരശ്ര മീറ്ററിന് ₹6/- നിരക്കിലാണ് ഈടാക്കി വരുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റമുണ്ടായാൽ പുതുക്കിയ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/30.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് ₹60/- നിരക്കിൽ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | പോസ്റ്റ് ഓഫീസ്, പൊൻമുടി | 1 & 2 |
| 2. | പോസ്റ്റ് ഓഫീസ്, മമ്മട്ടിക്കാനം | 2 |
| 3. | എസ്.എൻ. മെഡിക്കൽ സെന്റർ | 1 & 2 |
| 4 | സെന്റ് ജോൺസ് ഹോസ്പിറ്റൽ | 2 |
| 5 | ബി.എസ്.എൻ.എൽ., രാജാക്കാട് | 1 |
| 6 | മിനി മുത്തൂറ്റ്, രാജാക്കാട് | 1&2 |
| 7 | ആപ്കോസ്, എൻ.ആർ. സിറ്റി | 1 |
| 8 | റിലൈസ് റീട്ടൈൽ, രാജാക്കാട് | 1 |
| 9 | കെ.പി.എം.സി. ലിമിറ്റഡ് | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/30.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കവറേജ് ലംഘനവുമായി ബന്ധപ്പെട്ട അപാകത

2021-22ൽ വസ്തു നികുതി നിർണ്ണയം നടത്തി ശ്രീ. നോബി ജോണിന്റെ ഉടമസ്ഥതയിലുള്ള 331/ഡി, 331/ഇ എന്നീ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റ കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുണ്ടായിരുന്നതും പുതിയതായി നിർമ്മിച്ചതുമായ പ്രസ്തുത കൊമേഴ്സ്യൽ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 458.62 ചതുരശ്ര മീറ്ററാണ്. സ്ഥല വിസ്തീർണ്ണം 166 ച. മീറ്ററാണ്. ഏതൊരു നിലയിലെയും പരമാവധി വിസ്തീർണ്ണമാണ് കവറേജിന് കണക്കാക്കേണ്ടത്. ഒന്നാം നിലയുടെ വിസ്തീർണ്ണമായ 129.77 ച.മീ പരിഗണിക്കുമ്പോൾ കവറേജ് ചുവടെ ചേർക്കും പ്രകാരമാണ്.

കവറേജ് = ( 129.77)/166=78.17 %

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019ലെ ചട്ടം 27 പ്രകാരം കാറ്റഗറി 2 പഞ്ചായത്തിൽ വാണിജ്യ വിനിയോഗ ഗണത്തിൽ അനുവദിച്ചിട്ടുള്ള വ്യാപ്തിയുടെ പരമാവധി 60% ആകുന്നു. വ്യാപ്തിയുടെ പരമാവധി ശതമാനത്തെ അധികരിച്ചിട്ടും കെട്ടിടത്തിന് നമ്പർ നൽകി നികുതി

നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/30.12.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ പ്ലാനുകൾക്ക് അംഗീകാരം നൽകേണ്ടതുള്ളൂ എന്ന് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11 വ്യക്തമാക്കുന്നുണ്ട്. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ച കൊണ്ടുള്ള ഏതൊരു അംഗീകാരത്തിനും നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്. ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 21/22 |
| അടങ്കൽ | ₹300000/-(CFC ഗ്രാന്റ്) |
| വൗച്ചർ നം | 22100545/27.03.2022 -₹330000/- |

മേൽ വൗച്ചർ പ്രകാരമുള്ള ₹3,30,000/-യിൽ മേൽ പദ്ധതിക്കായി ചെലവഴിച്ചത് ₹3,00,000/- ആണ്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ടെണ്ടർ നം.53/2020/തീയതി. 23.09.2021 പ്രകാരമുള്ള പരസ്യത്തിൽ മെയിന്റനൻസ് നടത്തേണ്ട തെരുവിളക്കുകളുടെ എണ്ണം ഇതിന് ആവശ്യമായ സാധനങ്ങൾ എന്നിവ രേഖപ്പെടുത്താതെ അടങ്കൽ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളും ഒരേ തരത്തിലുള്ള 17 ഇനങ്ങൾ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും ടെണ്ടറിൽ പങ്കെടുക്കുന്നവർ തമ്മിൽ ക്രമീകരണങ്ങൾ നടത്തുന്നു എന്ന് വ്യക്തമാകുന്നു. ടെണ്ടർ നോട്ടീസിൽ വിവരങ്ങൾ വിശദമായി രേഖപ്പെടുത്താത്തത് ഇത്തരം ക്രമീകരണങ്ങൾക്ക് അവസരമൊരുക്കുന്നു.

2. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കാരിയിൽ ഇലക്ട്രിക്കൽസുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

3. കാരിയിൽ ഇലക്ട്രിക്കൽസിന്റെ ടാക്സ് ഇൻവോയ്സ് നം. BB-78/28.02.2022 പ്രകാരം ഇനം 5 ആയി 20 W LED Light 47 എണ്ണം സ്ഥാപിച്ചതിന് ₹2,400/- നിരക്കിൽ നൽകിയിരിക്കുന്നു. എന്നാൽ പ്രസ്തുത ഇനം ടെണ്ടറിൽ ഉൾപ്പെട്ടിട്ടില്ല. സമർപ്പിച്ച ടെണ്ടർ പ്രകാരം 24 W LED Light സെറ്റിനാണ് ₹2,400/-, എന്നാൽ ഈ ഇനം സ്ഥാപിച്ചിട്ടുമില്ല.

4. വൺവേ സ്വിച്ച് 149 എണ്ണത്തിന് ₹90/- നിരക്കിൽ ആകെ ₹13,410/- നൽകിയിരിക്കുന്നു. ഇത്തരമൊരിനം ടെണ്ടറിൽ ഉൾപ്പെട്ടിട്ടില്ല.

5. ടെണ്ടർ നോട്ടീസിൽ ഒരു വർഷത്തെ വാറണ്ടി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടെണ്ടറിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല.

6. തെരുവ്വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാങ്ങൽ നടപടികളിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/29.12.2022ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പദ്ധതിക്കായി ചെലവഴിച്ച ₹3,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 ബാലസഭ - പദ്ധതി പൂർത്തിയാക്കിയതിന്റെ രേഖയില്ല - തുക പാഴായിരിക്കുന്നു -

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പ്രോജക്ട് നം. | 16/22 |
| അടങ്കൽ | ₹25000/- (വികസനഫണ്ട്) |
| ബിൽ നം. | 21100752013500815523/20.12.2021 – ₹24750/- |

ബാലസഭയുടെ ഭാഗമായി മ്യൂസിക് വീഡിയോ ആൽബം തയ്യാറാക്കുന്നതിനായി വൺ കേരള മീഡിയ, രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ഡയറക്ടറായ ശ്രീ. ലാൽ എസ്. എന്ന വ്യക്തിക്ക് ബിൽ പ്രകാരമുള്ള തുക നൽകിയിരിക്കുന്നു. എന്നാൽ വീഡിയോ ആൽബം തയ്യാറാക്കിയത് സംബന്ധിച്ച് യാതൊരു രേഖയും ഹാജരാക്കിയില്ല. കൂടാതെ പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കാണുന്നില്ല. പ്രസ്തുത ആൽബത്തിന്റെ സി.ഡി. പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/29.12.2022ന്റെ അടിസ്ഥാനത്തിൽ ശ്രീ. ലാൽ പൂർണ്ണമല്ലാത്ത മ്യൂസിക് ആൽബത്തിന്റെ സി.ഡി. ഹാജരാക്കി. കോവിഡും ലോക്ഡൗണും വിഷയമായി തയ്യാറാക്കുന്ന മ്യൂസിക് ആൽബം ഫേസ്ബുക്ക്, യൂ-ട്യൂബ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. നാളിതുവരെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല മ്യൂസിക് ആൽബത്തിന്റെ വിഷയത്തിന്റെ പ്രസക്തി കുറഞ്ഞതിനാൽ ഇനിയും പൂർത്തിയാകാത്ത ഈ പദ്ധതിക്കായി മുൻകൂറായി ചെലവഴിച്ച തുക പാഴായിരിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ₹24,750/- ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഗ്രാമസഭ തിരഞ്ഞെടുത്തിട്ടില്ലാത്ത സംഘങ്ങൾക്ക് ധനസഹായം നൽകി - ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം | 146/2022 |
| പദ്ധതിയുടെ പേര് | പവർ സ്പ്രേ വിതരണം |
| അടങ്കൽ/ചെലവ് | ₹121000/-, ₹121000/- |
| ബിൽ നം. | 21100752009101340973/15-03-2022 - ₹110000/-<br>ഗുണഭോക്തൃ വിഹിതം /06-03-2022 - ₹11000/- |

മേൽ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന 6 എസ്.എച്ച്.ജി. ഗ്രൂപ്പുകളെ പഞ്ചായത്ത് കമ്മിറ്റിയുടെ 04.03.2022ലെ 15(2), 23.03.2022ലെ 1(4) എന്നീ തീരുമാന പ്രകാരം അംഗീകരിച്ച് പവർ

സ്പ്രേയർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1) തേജസ് എസ്.എച്ച്.ജി., കുരിശുംപടി,

2) ഐശ്വര്യ എസ്.എച്ച്.ജി., പരപ്പനങ്ങാടി

3) രാജാക്കാട് സ്പൈസസ് ഫാർമേഴ്സ് എസ്.എച്ച്.ജി.

4) ജീവ എസ്.എച്ച്.ജി., ഉണ്ടമല

5) ജനത എസ്.എച്ച്.ജി., പഴയവിട്ടുതി

6) രാജാക്കാട് കുരുമുളക് സംരക്ഷണ സമിതി.

ഈ സംഘങ്ങളെ മേൽ പദ്ധതിക്കായി സംഘങ്ങളെ ഗ്രാമസഭ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (3/28-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ./തീയതി 29-01-2018, 11(3) പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത് ഗ്രാമസഭ മുഖേന മാത്രമായിരിക്കണമെന്നും അപ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിന് മുൻഗണന ക്രമം മാറ്റാതെ ഭരണ സമിതി അംഗീകാരം നല്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

ഈ പദ്ധതി നടത്തിപ്പിനായി 03-03-2022-ൽ ടെണ്ടർ അംഗീകരിക്കുന്നതിനായി കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിൽ കത്ത് നൽകുകയും 04-03-2022ൽ തന്നെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ടെണ്ടറും ഗുണഭോക്താക്കളുടെ ലിസ്റ്റും അംഗീകരിക്കുകയും ചെയ്തു. വേണ്ടത്ര ആസൂത്രണമില്ലാതെ, ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തിരഞ്ഞെടുക്കാതെ, ആവശ്യകത നിർണ്ണയിക്കാതെ മാർച്ച് മാസത്തിൽ പദ്ധതിപ്പണം ചെലവഴിക്കുന്നതിനായി മാത്രമാണ് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഭാവിയിൽ വേണ്ടത്ര ആസൂത്രണത്തോടെ കൃത്യമായ ആവശ്യകത നിർണ്ണയിച്ച് ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പദ്ധതി നം. | 30/2022 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ/ചെലവ് | ₹100000/-, ₹100000/- |
| ബിൽ നം. | 211007520139008234466/13-12-2022 - ₹100000/- |

പദ്ധതിയുടെ ഭാഗമായി ₹1,00,000/- ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും

മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 കോൺക്രീറ്റ്/ഐറിഷ് ഓട പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി - നഷ്ടം - ₹1,07,275/-

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് കോൺക്രീറ്റ്/ഐറിഷ് ഓട പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള Cement Concreting/Irish Drain ചെയ്തിട്ടുള്ളത്തിന് 2016, 2018ലെ MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് (Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4course Aggregate) Laid To Required Slope And Camber In Panels (@3m C/c) As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc. Complete As Per Specification).

ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. ഈ പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 28-12-2022ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെടുകയും അസിസ്റ്റന്റ് എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സൈഡ് ഷട്ടറിംഗിന്റെ നിരക്ക് കുറവ് ചെയ്ത തുകയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

നൽകാവുന്ന നിരക്ക്

| | 2016ലെ Price നിരക്ക് | 2018ലെ Price നിരക്ക് |
|---|---|---|
| അടിസ്ഥാന നിരക്ക് | 4597.78 | 4868.08 |
| 10% OH | 459.77 | 486.80 |
| ആകെ | 5057.55 | 5354.88 |
| 10% CP | 505.75 | 535.48 |
| ആകെ | 5563.30 | 5890.36 |
| കോസ്റ്റ് ഇൻഡക്സ് | 2709.88 (48.71%) | 2446.26 (41.53%) |
| ആകെ നൽകാവുന്ന നിരക്ക് | 8273.18 | 8336.62 |

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് പ്രകാരമുള്ള അളവ് | നൽകാവുന്ന നിരക്ക് ₹ | നൽകിയ നിരക്ക് ₹ | അധികം നൽകിയ തുക ₹ (GST 12% ഉൾപ്പെടെ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | എം3 | | | |
| 1 | പഴയവിടുതി അടിവാരം റോഡ് - 108/21-22 (Irish Drain)<br>കോൺട്രാക്ടർ – സജിമോൻ ഒ. എസ്.<br>എം. ബുക്ക് നം.541/21-22<br>ബിൽ റഫറൻസ് നം. 21100752011701521970/ തീയതി. 30.03.2022, തുക – ₹990664/-<br>കരാർ നം.31/AE/LID &EW/RKD/13.01.2022<br>അടങ്കൽ ₹1000000/- MF/Road (2016 – Price നിരക്ക്) | 33.41<br>പേജ് നം. 8, 16 | 8273.18 | 8327.13 | 53.95x33.41<br>= 1802.46<br>(+)12%GST<br>= 216.29<br>= 2018.75<br>= ₹2019/- |
| 2 | ചിറക്കൽപ്പടി അടിവാരം റോഡ്<br>93/21-22<br>കോൺട്രാക്ടർ – ജോമോൻ ജോസഫ്<br>എം. ബുക്ക് നം. -539/21-22<br>ബിൽ റഫറൻസ് നം.21100752011701522068/ തീ. 30.3.2022 തുക – ₹872000/-<br>കരാർ നം.30/AE/LID &EW/RKD തീ. 03.02.2022<br>അടങ്കൽ ₹1000000/- MF/Road (2016 – Price നിരക്ക്) | 31.716<br>പേജ് നം. 17 | 8273.18 | 8670.09 | 396.91x31.716<br>= 12588.39<br>(+)12%GST<br>= 1510.60<br>= ₹14099/- |
| 3 | പറപ്പനങ്ങാടി എൻ.ആർ. സിറ്റി റോഡ്<br>37/21-22<br>കോൺട്രാക്ടർ – പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്റ്റിംഗ്<br>എം.ബുക്ക് നം. 525/21-22<br>ബിൽ റഫറൻസ് നം.21100752011701505998/ തീ. 29.03.2022 തുക ₹695116/-<br>കരാർ നം.13/AE/LID &EW/RKD/11.1.22<br>അടങ്കൽ ₹700000/-MF/Road (2018 – Price നിരക്ക്) | 31.164<br>പേജ് നം. 12, 23, 24 | 8336.62 | 8670 | 333.38x31.164<br>= 10389.45<br>(+)12%GST<br>= 1246.73<br>= ₹11636/- |
| 4 | അസിക്കവല മൂലംകുഴിക്കവല റോഡ് - 115/21-22<br>കോൺട്രാക്ടർ-ഷാജി ജോസഫ്<br>എം.ബുക്ക് നം. 550/21-22<br>ബിൽ റഫറൻസ് നം.21100752011701521879/ തീയതി. 30.03.2022 തുക ₹695008/-<br>കരാർ നം.28/AE/LID &EW/RKD തീയതി. 29.01.2022 | 17.181<br>പേജ് നം. 17, 18, 29 | 8336.62 | 8670.09 | 333.47x17.181<br>= 5729.34<br>(+)12%GST<br>=687.52<br>= ₹6417/- |

| | | | | | |
|---|---|---|---|---|---|
